# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3701 — 20.06.2019-ൽ മറുപടിയ്ക്ക്

### ആയുർവേദ ചികിത്സാരംഗം കാര്യക്ഷമമാക്കുന്നതിന് നൂതന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ജോയി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആയുർവേദ ചികിത്സാരംഗവും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസരംഗവും കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ആയുർവേദ മേഖലയിൽ ആയുർവേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കു വേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണകേന്ദ്രവും, പഠന കേന്ദ്രവും, ലബോറട്ടറിയും (ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ) സ്ഥാപിക്കുന്നതിനും നിലവിൽ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജോ സ്വകാര്യ ആയുർവേദ മെഡിക്കൽ കോളേജോ ഇല്ലാത്ത ഇടുക്കി ജില്ലയിൽ പുതുതായി ഒരു ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആയുർവേദ കോളേജിൽ പുതിയ യോഗ & നാച്ചുറോപ്പതി സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. ആയുർവേദ വിദ്യാഭ്യാസ രംഗത്ത് ആദ്യമായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകളിൽ പുതിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആയുർവേദ കോളേജുകളിൽ പുതുതായി നാല് പുതിയ വിഭാഗങ്ങളിൽ പിജി കോഴ്സുകൾ ആരംഭിച്ചു. തിരുവനന്തപുരം ആയുർവേദ കോളേജിനോടനുബന്ധിച്ച് പുതിയ പേവാർഡ് |
| (ബി) | ഭാരതീയ ചികിത്സാവകുപ്പിന്റെ സേവനം പൊതുജനങ്ങളിലേയ്ക്ക് ഫലപ്രദമായി എത്തിക്കുന്നതിനും വിവിധ രോഗങ്ങൾക്ക് ചിട്ടയായതും മികവുറ്റതുമായ ചികിത്സകൾ നൽകുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | | |

ബ്ലോക്ക് പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചു. ഇതിനാവശ്യമായ തസ്തികകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ അനുവദിച്ചു. പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ പുതിയ ലേബർ റൂം, ഓപ്പറേഷൻ തീയറ്റർ എന്നിവ പ്രവർത്തനമാരംഭിച്ചു. കണ്ണൂർ ആയുർവേദ കോളേജിൽ പുതിയ സ്ത്രീകളുടേയും, കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പുതിയ 37 തസ്തികകൾ ഈ ആശുപത്രിയ്ക്ക് അനുവദിച്ചു

കൂടാതെ ആയുർവേദ ചികിത്സാ രംഗം കാര്യക്ഷമമാക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- പഞ്ചകർമ്മ യൂണിറ്റ്
- യോഗ യൂണിറ്റ്
- ജെറിയാട്രിക് കെയർ യൂണിറ്റ്
- മാനസിക യൂണിറ്റ്
- പ്രസൂതി തന്ത്ര യൂണിറ്റ്
- കൗമാരഭൃത്യ യൂണിറ്റ്
- ദൃഷ്ടി
- ക്ഷാരസൂത്ര യൂണിറ്റ്
- സ്നേഹധാര
- ക്ഷേമജനനി (പാലക്കാട്)
- സിദ്ധ യൂണിറ്റ്
- സിക്കിൾ സെൽ യൂണിറ്റ് (വയനാട്)
- നിർവിഷ (കാസർഗോഡ്)
- കുട്ടികളുടേയും കൗമാരക്കാരുടേയും ആയുർവേദ പരിചരണ കേന്ദ്രം (കോഴിക്കോട്)
- ആയുർവേദ ഗവേഷണ പ്രവർത്തനങ്ങൾ
- വിദ്യാലയ ആരോഗ്യപരിപാടികൾ (ഋതു, പ്രസാദം)
- തെരഞ്ഞെടുത്ത ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ ഇന്ത്യൻ സിസ്റ്റംസ് ഓഫ് സ്പോർട്സ് മെഡിസിനായുള്ള ഗവേഷണ വിഭാഗം
- പകർച്ചവ്യാധികളും പ്രകൃതി ദുരന്തം തടയൽ
- ജീവനി, പുനർനവ

| | | | |
|---|---|---|---|
| | | | ആയുർവേദത്തിൽ ഇൻഡ്യയിലാദ്യമായി സ്പോർട്സ് ചികിത്സയ്ക്കുള്ള ഒരു ആശുപത്രി തൃശ്ശൂരിൽ പ്രവർത്തനമാരംഭിച്ചു. |
| (സി) | തെരഞ്ഞെടുക്കപ്പെട്ട ആയുർവേദ ആശുപത്രികളിൽ വൃദ്ധജനപരിപാലനത്തിന് പ്രത്യേക സൗകര്യവും മാനസികാരോഗ്യ യൂണിറ്റുകളും പഞ്ചകർമ്മ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടോ; | (സി) | ഉണ്ട്.<br>തെരഞ്ഞെടുക്കപ്പെട്ട ആയുർവേദ ആശുപത്രികളിൽ വൃദ്ധജനപരിപാലനത്തിന് പ്രത്യേക സൗകര്യവും മാനസികാരോഗ്യ യൂണിറ്റുകളും പഞ്ചകർമ്മ യൂണിറ്റുകളും 14 ജില്ലകളിലേയും ജില്ല ആയുർവേദ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളെ ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ജീറിയാട്രിക് കെയർ എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്.<br>ഭാരതീയ ചികിത്സാ വകുപ്പിൽ പ്ലാൻ പദ്ധതി പ്രകാരം നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളെ ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേക്കു നയിക്കുക എന്ന ലക്ഷ്യത്തോടെ ജെറിയാട്രിക് കെയർ എന്ന പദ്ധതി 14 ജില്ലകളിലേയും ജില്ലാ ആയുർവേദ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ